"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണവകുപ്പ് -സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. സി.ആർ മോഹനനെതിരെ ആരംഭിച്ച അച്ചടക്ക നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ(ഇപിബി) വകുപ്പ്

G.O.(Rt)No.2057/2026/LSGD തീയതി,തിരുവനന്തപുരം, **31-10-2026**

പരാമർശം:- 1. **04.07.2026** ലെ സ.ഉ(സാധാ)നം. **1240/2026**/തസ്വഭവ, നമ്പർ സർക്കാർ ഉത്തരവ്.

2. ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ സി. ആർ മോഹനന്റെ അപേക്ഷ

ഉത്തരവ്

സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ സി.ആർ മോഹനനെതിരെ കെഎസ്ആർ പാർട്ട് **3** ചട്ടം **59** (ബി) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും **500** രൂപ ജീവനാന്തം കുറവ് ചെയ്തു അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം **(1)** പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ സി.ആർ മോഹനൻ പരാമർശം **(2)** പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. സി.ആർ മോഹനനെതിരെ പരാമർശം **(1)** പ്രകാരമുള്ള ഉത്തരവ് പുനഃപരിശോധിക്കണമെന്നുള്ള ടിയാന്റെ അപ്പീൽ അപേക്ഷയിൽ നിലവിലെ അച്ചടക്ക നടപടി പുനഃപരിശോധിക്കുന്നതിന് പുതിയ വാദഗതികളോ രേഖകളോ ഒന്നും സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കെഎസ്ആർ പാർട്ട് **3** ചട്ടം **59** (ബി) അനുശാസിയ്ക്കും വിധം തീർപ്പാക്കിയ അച്ചടക്ക നടപടി പുനപരിശോധിക്കേണ്ട ആവശ്യമില്ല എന്ന് കാണുന്നു. ആയതിനാൽ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ സി.ആർ മോഹനൻ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JASMI O P

DEPUTY SECRETARY

1. പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ശ്രീ.സി.ആർ.മോഹനൻ,മുൻ സെക്രട്ടറി, സുൽത്താൻബത്തേരി
ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഫയൽ നം.ഇപിബി**3/195/2026-**തസ്വഭവ)

ഉത്തരവിൻ പ്രകാരം

Digitally signed by Sivaprasad V N
Date: 02-11-2026 11:19:08

സെക്ഷൻ ഓഫീസർ